DESPATCHED
On. 13/1/23



സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

## ഹർജി നമ്പർ **AP No. 1584(3)/2022** *എസ്.ഐ.സി.*

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.18358/*എസ്.ഐ.സി–ജി 1/2022*)**

**സന്നിഹിതൻ**

**ശ്രീ.എ.അബ്ദുൽ ഹക്കീം, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**തീയതി :06.01.2023**

ശ്രീ.കുഞ്ഞിത്തൊമ്മൻ ഇ.റ്റി
ഇലഞ്ഞിക്കൽ ഹൗസ്
കോഴിപ്പിള്ളി പി.ഒ.
കോതമംഗലം
} അപ്പീൽ ഹർജിക്കാരൻ

**Vs**

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
ചേർത്തല പോലീസ് സ്റ്റേഷൻ

2. അപ്പീൽ അധികാരി &
അസിസ്റ്റന്റ് പോലീസ് സൂപ്രണ്ടിന്റെ
കാര്യാലയം,
ചേർത്തല
} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 14.10.2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 22.10.2022 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 29.10.2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 14.11.2022 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 04.12.2022 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 07.12.2022 |

## ഉത്തരവ്

കോതമംഗലം കോഴിപ്പിള്ളി ഇലഞ്ഞിക്കൽ വീട്ടിൽ കുഞ്ഞിത്തൊമ്മൻ ഇ. റ്റി. ആലപ്പുഴ ജില്ലയിലെ ചേർത്തല പോലീസ് സ്റ്റേഷനിൽ 14.10.2022 ന് സമർപ്പിച്ച വിവരാവകാശ രേഖക്കുള്ള അപേക്ഷ പരിഗണിച്ച സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ

ഓഫീസർ അപ്പീൽ ഹർജിക്കാരൻ ആഭ്യന്തര വകുപ്പിന്റെ നം.117/2022, 15.06.2022 തീയതിയായുള്ള ഉത്തരവു പ്രകാരം 1,200/- രൂപ ഒടുക്കാൻ ആവശ്യപ്പെട്ടിരുന്നു ഇതിനെതിരെയാണ് ശ്രീ.കുഞ്ഞിത്തൊമ്മൻ കമ്മീഷനെ സമീപിച്ചത്. കമ്മീഷൻ ഇക്കാര്യത്തിൽ എസ്.പി.ഐ.ഒയുടെ റിപ്പോർട്ട് തേടിയിരുന്നു. തുടർന്ന് കമ്മീഷനു റിപ്പോർട്ട് സമർപ്പിച്ച ചേർത്തല അസിസ്റ്റന്റ് പോലീസ് സൂപ്രണ്ട് പൊതു ഭരണ വകുപ്പിന്റെ 18.02.22 ലെ സി.ഡി.എൻ.5/24/21/പൊ.ഭ.വ. സർക്കുലർ ഉദ്ധരിച്ച് സംസ്ഥാന സർക്കാർ നിശ്ചയിച്ച ഫീസ് ഈടാക്കികൊണ്ട് മാത്രം രേഖകൾ നൽകിയാൽ മതിയെന്ന് നിർദ്ദേശമുള്ളതായി അറിയിച്ചു.

2. ഇതേ തുടർന്ന് എസ്.പി.ഐ.ഒ., ഒന്നാം അപ്പീൽ അധികാരി എന്നിവരെ 30.12.222 ന് കമ്മീഷൻ ആലപ്പുഴ സംഘടിപ്പിച്ച ഹിയറിംഗിൽ ക്ഷണിച്ചു വരുത്തുകയും അവരുടെ വാദങ്ങൾ വിശദമായി കേൾക്കുകയും ചെയ്തു. അപ്പീൽ ഹർജിക്കാരന് വിവരം നൽകാതിരിക്കാൻ എസ്.പി.ഐ.ഒ യും ഒന്നാം അപ്പീൽ അധികാരിയും അവലംബിക്കുന്ന രേഖ A.P.2281(1)/18/SIC തീയതി 04.02.19 എന്ന ഉത്തരവിനു മാത്രം ബാധകമായിട്ടുള്ളതും അതിന്മേൽ WP(C) 35173/2019 പ്രകാരം ഉണ്ടായിട്ടുള്ള വിധിയുമാണ്. ആയതിനെ പൊതു സ്വഭാവത്തിൽ സാമാന്യ വത്കരിക്കേണ്ടതില്ല. വിവരാവകാശ നിയമ പ്രകാരം ഒരപേക്ഷ സ്വീകരിച്ചാൽ തുടക്കം മുതൽ ഒടുക്കംവരേയും അത് വിവരാവകാശ നിയമപ്രകാരം തന്നെ കൈകാര്യം ചെയ്യേണ്ടതും അപ്രകാരം തന്നെ തീരുമാനം എടുക്കേണ്ടതും പകർപ്പുകൾ നൽകേണ്ടതുമാണ്.

3. രാജ്യവ്യാപകമായി മുഴുവൻ കേന്ദ്ര സർക്കാർ വകുപ്പുകളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലും കേന്ദ്ര സർക്കാർ ഓഫീസുകളിലും വിവിധ സംസ്ഥാനങ്ങളിലെ വിവിധ വകുപ്പുകളിലും ഓഫീസ് രേഖകൾ നൽകുന്നതു സംബന്ധിച്ച് മുൻകാലങ്ങളിൽ പല തരം ഫീസും കോസ്റ്റും നിലനിന്നിട്ടുണ്ട്. അവ നിലനിൽക്കുമ്പോൾ തന്നെയാണ് 2005 ൽ വിവരാവകാശ നിയമം രാജ്യത്തെ പാർലമെന്റ് പാസ്സാക്കുകയും ബഹു.രാഷ്ട്രപതി നടപ്പിൽ വരുത്തികൊണ്ട് ഉത്തരവായിട്ടുള്ളതും. ഈ നിയമത്തിന്, സമാനമായി

രാജ്യത്തെവിടെയും നിലവിലുള്ള വകുപ്പുകൾക്കും ചട്ടങ്ങൾക്കുംമേൽ പരിഗണന നൽകാൻ നിയമത്തിൽ നിർദ്ദേശവുമുണ്ട്.

4. RTI Act ന്റെ ചാപ്റ്റർ 6-ൽ ഖണ്ഡിക 22-ൽ പറയുന്നത് ഇപ്രകാരമാണ്:

"*The provisions of this Act shall have effect notwithstanding anything inconsistent therewith contained in the official Secrets Act, 1923, and any other law for the time being in force or in any instrument having effect by virtue of any law other than this Act.*" എന്നാണ്. ആകയാൽ ചേർത്തല അസിസ്റ്റന്റ് പോലീസ് സൂപ്രണ്ട് കാര്യാലയത്തിലെ എസ്.പി.ഐ.ഒ സമർപ്പിച്ച വിശദീകരണം തൃപ്തികരമാകുന്നില്ല. അതിനാൽ ഈ കമ്മീഷൻ ടി വിശദീകരണം തള്ളുന്നു.

5. ഈ സാഹചര്യത്തിൽ വിവരാവകാശ നിയമ പ്രകാരം സ്വീകരിക്കുന്ന അപേക്ഷകൾക്ക് അതേ നിയമ പ്രകാരം തന്നെ ഫീസ് ഈടാക്കണമെന്നും അപ്രകാരം നൽകപ്പെടുന്ന രേഖകൾക്കും മറ്റ് വസ്തുക്കൾക്കും ടി നിയമപ്രകാരമുള്ള കോസ്റ്റ് മാത്രമേ ഈടാക്കാൻ പാടുള്ളൂ എന്നും നിർദ്ദേശിക്കുന്നു. അപ്രകാരം ശ്രീ.ഇ.റ്റി.കുഞ്ഞിത്തൊമ്മൻ എന്ന ഈ അപ്പീൽ ഹർജിക്കാരൻ 14.10.2022 ന് ചേർത്തല പോലീസ് സ്റ്റേഷൻ എസ്.പി.ഐ.ഒ.യ്ക്ക് സമർപ്പിച്ച അപേക്ഷയിലെ വിവരങ്ങൾക്ക് അടിസ്ഥാനമാകുന്ന രേഖകൾ വിവരാവകാശ നിയമം 2005 നിർദ്ദേശിക്കുന്ന കോസ്റ്റ് മാത്രം ഒടുക്കിച്ച് **2023 ജനുവരി 30 നകം** ടിയാന് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ച് ഈ അപ്പീൽ ഹർജി ഇന്നേ ദിവസം (2023 ജനുവരി മാസം 6-ാം തീയതി) തീർപ്പ കൽപ്പിച്ച് ഉത്തരവാകുന്നു.

(ഒപ്പ്)
**എ. അബ്ദുൽ ഹക്കീം**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി**

NAS

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM
RIGHT TO INFORMATION